**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.ദീപു.റ്റി.യ്ക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ക്ലെയിം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ)നമ്പർ. 3249 /2016 /തസ്വഭവ, തിരുവനന്തപുരം, തീയതി, 30.11.2016.

---

പരാമർശം :-1. ശ്രീ. ദീപു.റ്റി , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച 05.03.2015 ലെ അപേക്ഷ.

2. ഗ്രാമവികസന കമ്മീഷണറുടെ 08.10.2015, 04.07.2016 എന്നീ തീയതികളിലെ 15631/എസ്റ്റാ.സി1 /2015/ സി.ആർ.ഡി നമ്പർ കത്തുകൾ.

3. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ 14.06.2016. ലെ എൽ.ഡിസ്.സി3 11549/ 16 നമ്പർ കത്ത്.

**ഉത്തരവ്**

ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ ദീപു.റ്റി.യ്ക്ക് റോഡ് അപകടത്തെ തുടർന്ന് ശാസ്താംകോട്ട പത്മാവതി മെഡിക്കൽ ഫൗണ്ടേഷൻ ആശുപത്രിയിൽ ചികിത്സയ്ക്ക് ചെലവായ തുകയ്ക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിം അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, സർക്കാരിന്റെ പ്രത്യേക അനുമതിയ്ക്കായി പരാമർശം (2) പ്രകാരം ഗ്രാമ വികസന കമ്മീഷണർ ശുപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.ദീപു.റ്റി-യ്ക്ക് റോഡ് അപകടം മൂലമുണ്ടായ അസ്ഥി സംബന്ധമായ രോഗത്തിന് പത്മാവതി മെഡിക്കൽ ഫൗണ്ടേഷൻ ആശുപത്രിയിൽ നടത്തിയ ചികിത്സ ,ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് നിലവിലുള്ള KGSMA 1960 ചട്ടങ്ങളിൽ ഇളവു വരുത്തി മുൻകാല പ്രാബല്യം അനുവദിച്ച കൊണ്ടും ടി ചികിത്സയ്ക്ക് 06.12.2014 മുതൽ 07.12.2014 വരെയും 10.12.2014 മുതൽ 12.12.2014 വരെയും ചെലവായ തുകയിൽ , അനുവദനീയ തുകയായി പരാമർശം (3) പ്രകാരം കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്ത തുകയുടെ 80% ആയ 15,894/-രൂപ( പതിനയ്യായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം), പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജ.പി.എസ്**

**അണ്ടർ സെക്രട്ടറി**

ശ്രീ. ദീപു.റ്റി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,ബ്ലോക്ക് പഞ്ചായത്ത്, ശാസ്താംകോട്ട
(ഗ്രാമ വികസന കമ്മീഷണർ മുഖേന)
ഗ്രാമ വികസന കമ്മീഷണർ. (ബില്ലുകളും അനുബന്ധ രേഖകളും സഹിതം)
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ശാസ്താംകോട്ട, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
ധനകാര്യ വകുപ്പ് (അ.ഔ.നമ്പർ. Loans L3/584/2016/Fin, തീയതി, 08.11.2016.)
ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് ( അ.ഔ.നമ്പർ. 577/G2/2016/H&FWD, തീയതി, 05.05.2016. )
ഇൻഫർമേഷൻ കേരള മിഷൻ
വിവരപൊതുജനസമ്പർക്ക(വെബ്&ന്യൂമീഡിയ) വകുപ്പ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ